"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല - നെന്മാറ നിയോജകമണ്ഡലം പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ **"കൊടുവായൂർ കാർഷിക വിപണനകേന്ദ്ര കെട്ടിടം "** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1748/2026/LSGD തീയതി,തിരുവനന്തപുരം, 15-09-2026

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.06.2026 ലെ LSGD/PD/6015/2026-EW6 നമ്പർ കത്ത്

**ഉത്തരവ്**

ബഡ്ജറ്റ് 2024-25 അനുബന്ധം II വാല്യം II ക്രമനമ്പർ 2826 പ്രകാരം 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കി 20 ലക്ഷം രൂപ (20% തുക ) വകയിരുത്തിയിരുന്ന നെന്മാറ നിയോജകമണ്ഡലം **"കൊടുവായൂർ കാർഷിക വിപണനകേന്ദ്ര കെട്ടിടം"** എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി, പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം ചീഫ് എഞ്ചിനീയർ പരാമർശിത കത്ത് പ്രകാരം സർക്കാരിൽ പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഡ്ജറ്റ് 2024-25 അനുബന്ധം II വാല്യം II ക്രമനമ്പർ 2826 പ്രകാരം 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കി 20 ലക്ഷം രൂപ (20% തുക) വകയിരുത്തിയിരുന്ന നെന്മാറ നിയോജകമണ്ഡലം **"കൊടുവായൂർ കാർഷിക വിപണനകേന്ദ്ര കെട്ടിടം"** എന്ന പ്രവൃത്തിക്ക് **100 ലക്ഷം രൂപയുടെ (നൂറ് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്കാവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും നിലവിൽ അഡീഷണൽ പ്രൊവിഷൻ ആയി അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, കൊടുവായൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധന(വികസന) വകുപ്പ്(3559355/Dev-3/177/2026-Fin dtd 10-08-2026) (AS/LGD/26/52576)

6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
8) കരുതൽ ഫയൽ (ഡി.ബി1/217/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 16-09-2026
11:13:09

സെക്ഷൻ ഓഫീസർ